**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4839** **11-08-2021 - ൽ മറുപടിയ്ക്ക്**

**എൻ.ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഹൈക്കോടതി ഉത്തരവ് പ്രകാരം സർവീസിൽ നിന്നും പിരിച്ചു വിടപ്പെട്ട മുൻ തൊടുപുഴ സി.ഐ. ശ്രീ.എൻ.ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ശ്രീ. എൻ.ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ തീരുമാനമെടുത്തിട്ടില്ല. ടി വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അച്ചടക്കനടപടിക്ക് കാരണമായ പരാതി നൽകിയ ശ്രീ.ബേബിച്ചൻ വർക്കി എന്ന വ്യക്തിയെ ശ്രീ. എൻ.ജി. ശ്രീമോൻ ഭീഷണിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ 12.03.2021-ന് മുഖ്യമന്ത്രി, ഡി.ജി.പി. എന്നിവർക്ക് നൽകിയ പരാതിയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | പരാതി അന്വേഷണം നടത്തുന്ന തിന് ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. |
| (സി) | ശ്രീ.എൻ.ജി. ശ്രീമോൻ അനുകൂലമായി ഹൈക്കോടതിയിൽ വ്യാജ റിപ്പോർട്ട് നൽകിയതായി ആക്ഷേപം ഉള്ള ഉദ്യോഗസ്ഥൻ തന്നെ ടിയാനെ സർവീസിൽ തിരിച്ചെടുക്കണമെന്ന അപ്പീൽ അപേക്ഷ പരിഗണിക്കുന്നത് ഉചിതമാണോ; ഇക്കാര്യത്തിൽ ശ്രീ. ബേബിച്ചൻ വർക്കി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷാധികാരികൾ ചുമത്തുന്ന ശിക്ഷകളി ന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിക്കു ന്നത് കേരള പോലീസ് വകുപ്പുതല അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങൾ (KPDIP &A Rule) പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരമനു സരിച്ചാണ്. |

സെക്ഷൻ ഓഫീസർ